എം.എസ്.എ റസാഖ്



# സ്ത്രീകളെ ആദരിക്കാൻ പഠിപ്പിച്ച ദർശനം

عَنْ ابِي هُرَيْرَة رَضِي اللَّهُ عَنْهُ قَالَ: قَالَ رَسُولُ اللّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ أَكْمَلُ الْمُؤْمِنِينَ إِيمَانًا أَحْسَنُهُمْ خُلُقًا وَخِيَارُكُمْ خِيَارُكُمْ لِنِسَائِهِمْ خُلُقًا (رواه الترمذي وابن حبان, قال الترمذي: حديث حسن صحيح).

**അബൂഹുറയ്‌റ(റ)യിൽനിന്ന്. നബി (സ) പറഞ്ഞു: "സത്യവിശ്വാസത്താൽ ഏറ്റവും പൂർണതയുള്ളവർ അവരിൽ ഏറ്റവും നല്ല സ്വഭാവമുള്ളവരാണ്. നിങ്ങളിൽ ഏറ്റവും ഉത്തമർ തങ്ങളുടെ സ്ത്രീകളോട് നല്ല നിലയിൽ വർത്തിക്കുന്നവരുമാകുന്നു" (തിർമിദി, ഇബ്നു ഹിബ്ബാൻ. ഈ ഹദീസ് ഹസനും സ്വഹീഹുമാണെന്ന് ഇമാം തിർമിദി പറയുന്നു).**

സ്ത്രീകളോടുള്ള സമീപനത്തിന്റെ ആധാരശില വ്യക്തമാക്കുന്നതാണീ പ്രവാചകവചനം. സൽസ്വഭാവം വിശ്വാസത്തിന് പൂർണത നൽകുന്നു. സ്ത്രീകളോട് മാന്യതയോടെയും നല്ല നിലയിലും പെരുമാറുന്നത് ഔന്നത്യത്തിന്റെയും ശ്രേഷ്ഠതയുടെയും മുഖമുദ്രയാണ്. സ്ത്രീകൾ സമൂഹത്തിന്റെ അർധാംശമാണ്. സ്ത്രീകളുടെ അഭാവത്തിൽ മാനവികതക്ക് അസ്തിത്വമോ നിലനിൽപോ ഇല്ല. സ്ത്രീകൾ ആദരിക്കപ്പെടേണ്ടവരാണ്. ഉമർ(റ) പറയുന്നു: ''ജാഹിലിയ്യാ കാലത്ത് ഞങ്ങൾ പരിഗണനയർഹിക്കുന്ന അസ്തിത്വമായി സ്ത്രീയെ കരുതിയിരുന്നില്ല. പിന്നീട് ദൈവിക ഗ്രന്ഥം അവതരിച്ചപ്പോൾ സ്ത്രീയെ ആദരിക്കുകയും അവകാശങ്ങൾ നിശ്ചയിക്കുകയും ചെയ്തു'' (*ഫത്ഹുൽബാരി*, 10/301). സ്ത്രീസുരക്ഷ ഉറപ്പാക്കുന്ന പ്രത്യേക നിയമങ്ങൾ തന്നെ ഇസ്‌ലാം ആവിഷ്കരിച്ചു. സ്ത്രീകൾക്ക് തുല്യ മാനുഷിക പരിഗണനയും സ്വാതന്ത്ര്യവും സാമ്പത്തികാവകാശവും നൽകി. 'ആദം സന്തതികളേ നാം ആദരിച്ചിരിക്കുന്നു' എന്ന ഖുർആനിക പരാമർശം സ്ത്രീകളെയും ഉൾക്കൊള്ളുന്നു.

സ്ത്രീകളെ ആദരിക്കുന്നത് മാന്യതയുടെ അടയാളമാണ്. അവളെ നിന്ദിക്കുന്നത് ജീർണതയുടെ ലക്ഷണവും. ഒരു പ്രവാചകവചനത്തിൽ ഇപ്രകാരം കാണാം: ''മാന്യനല്ലാതെ സ്ത്രീകളെ മാനിക്കുകയില്ല; അഭിശപ്തനല്ലാതെ അവരെ നിന്ദിക്കുകയില്ല'' (*ഫിഖ്ഹുസ്സുന്ന*). കാമാർത്തമായ മനസ്സോടും ഇരയെ വേട്ടയാടാൻ കാത്തിരിക്കുന്ന കഴുകക്കണ്ണോടും സ്ത്രീകളെ നോക്കുന്നവർ അധമരും പിശാചിന്റെ കൂട്ടാളികളുമാകുന്നു. ദൃഷ്ടികൾ നിയന്ത്രിക്കണമെന്ന് വിശ്വാസികളായ പുരുഷന്മാരോടെന്ന പോലെ വിശ്വാസികളായ സ്ത്രീകളോടും വിശുദ്ധ ഖുർആൻ പ്രത്യേകം ആവശ്യപ്പെടുന്നുണ്ട്. ഒരു സ്ത്രീയെ യാദൃഛികമായി നോക്കിയ ശേഷം വീണ്ടും നോക്കാൻ ശ്രമിച്ച അനുയായിയെ പ്രവാചകൻ തടയുകയുണ്ടായി. കാരണം ആവർത്തിച്ചുള്ള നോട്ടം മനസ്സിൽ തെറ്റായ വികാരം ഉണർത്താൻ ഇടയാക്കും. അതവരെ വ്യഭിചാരത്തിലേക്കും ബലാൽക്കാരത്തിലേക്കും സ്ത്രീപീഡനത്തിലേക്കും കൊണ്ടെത്തിക്കാം.

പെൺകുട്ടികളെ സംരക്ഷിച്ചുവളർത്തുന്നതും അവരെ സംസ്കാരം പഠിപ്പിക്കുന്നതും വിവാഹം കഴിച്ചയക്കുന്നതും അവരോട് മാന്യമായി പെരുമാറുന്നതും സ്വർഗപ്രവേശത്തിന് കാരണമാകുന്നു (അബൂദാവൂദ്). അന്യസ്ത്രീകളെ വികാരത്തോടെ നോക്കുന്നത് കണ്ണുകളുടെ വ്യഭിചാരമായി നബി (സ) വിശേഷിപ്പിച്ചിട്ടുണ്ട് (ബുഖാരി, മുസ്‌ലിം). അന്യസ്ത്രീ മാത്രമുള്ളിടത്ത് പ്രവേശിക്കുന്നതും പ്രവാചകൻ വിലക്കുകയുണ്ടായി (ബുഖാരി, മുസ്‌ലിം).

അന്യപുരുഷന്മാരോട് സംസാരിക്കുമ്പോഴും അവരുമായി ഇടപഴകുമ്പോഴും ജാഗ്രത പുലർത്തണമെന്നും കൊഞ്ചിക്കുഴഞ്ഞ് സംസാരിക്കരുതെന്നും പരസ്യമായ സൗന്ദര്യപ്രദർശനം പാടില്ലെന്നും സ്ത്രീകളോട് ശക്തമായ ഭാഷയിൽ ഇസ്‌ലാം ആവശ്യപ്പെടുന്നു. ഇതെല്ലാം അധാർമികതയിലേക്കും വ്യഭിചാരത്തിലേക്കും പീഡനത്തിലേക്കുമുള്ള വഴിതുറക്കും. 'മഹ്‌റമായ' (വിവാഹബന്ധം നിഷിദ്ധമായ അടുത്ത ബന്ധു) പുരുഷന്റെ തുണയില്ലാതെ സ്ത്രീ തനിച്ച് യാത്ര ചെയ്യുന്നത് തടഞ്ഞ പ്രവാചകൻ (സ) അവളുടെ സുരക്ഷ ഉറപ്പുവരുത്തുകയായിരുന്നു. ഇക്കാലത്ത് നമ്മുടെ നാട്ടിൻപുറങ്ങളിലും നഗരവീഥികളിലും സ്ത്രീകൾക്ക് തനിച്ച് യാത്ര ചെയ്യാൻ പറ്റാത്ത സാഹചര്യമാണുള്ളത്. ഇത് പ്രവാചക നിർദേശത്തിന്റെ കാലിക പ്രസക്തി നമ്മെ കൂടുതൽ ബോധ്യപ്പെടുത്തുന്നുണ്ട്.

സ്ത്രീകളെ ബലാൽക്കാരം ചെയ്യുന്നവരെ വധശിക്ഷക്ക് വിധേയരാക്കണമെന്ന് അഭിപ്രായപ്പെട്ട കർമശാസ്ത്ര പണ്ഡിതന്മാരുണ്ട്. പ്രവാചകൻ തന്റെ അവസാനത്തെ പ്രസംഗത്തിൽ ആവർത്തിച്ചു പറഞ്ഞു: ''സ്ത്രീകളുടെ കാര്യത്തിൽ അല്ലാഹുവിനെ ഭയപ്പെടുക. സ്ത്രീകളോട് നല്ല നിലയിൽ പെരുമാറാൻ ഞാൻ നിങ്ങളെ ഉപദേശിക്കുന്നു.'' ●